പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*240

18.02.2016 ലെ മറുപടിയ്ക്ക്

## ടൂറിസം രംഗത്ത് പുതിയ സംരംഭങ്ങൾ

| ചോദ്യം<br><br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ടൂറിസം രംഗത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ സംരംഭങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ ; | എ) യും ബി) യും | കേരളത്തിന്റെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനായി ദൃശ്യ അച്ചടി മാധ്യമങ്ങളിലൂടെയും മറ്റ് നൂതന മാർഗ്ഗങ്ങളിലൂടെയും വിവിധ പ്രചാരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഈ വിപണന തന്ത്രത്തിന്റെ ഭാഗമായി കേരളത്തിന്റെ പ്രധാന ആഭ്യന്തര വിപണികളായ തമിഴ്നാട്, കർണ്ണാടക, ഗുജറാത്ത്, മഹാരാഷ്ട്ര, ഡൽഹി, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ വിവിധ ദൃശ്യ , അച്ചടി മാധ്യമങ്ങളിലൂടെ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ ആഭ്യന്തര വിനോദസഞ്ചാരികളുടെ കേരളത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിനായി 2015-16 'വിസിറ്റ് കേരള' വർഷമായി ആചരിക്കുന്നു. |
| ബി) | കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനായി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലുൾപ്പെടെയുള്ള ദൃശ്യ മാധ്യമങ്ങൾ മുഖേന പരസ്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ